യിലും പെട്ടവരുണ്ട്—ഈ കൺട്രാക്ടറെ വഴിയിൽവച്ച് ദേഹോപദ്രവേ ൽപിക്കാൻ ശ്രമിച്ചതിനെത്തുടർന്ന് പോലീസ് സ്ഥലത്തെത്തുകയും അവരെ വിരട്ടി ഓടിക്കുകയും ചെയ്തു. അതല്ലാതെ മറ്റു സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. തൊഴിൽത്തർക്കമാണെങ്കിൽ അതിൽ പോലീസ് ഇടപെടുന്ന പ്രശ്നമില്ല. അതിനെത്തുടർന്ന് എന്തെങ്കിലും അക്രമം ഉണ്ടാകുമ്പോഴാണ് പോലീസ് ഇടപെടുന്നത്. മുതലാളിക്ക് പ്രത്യേകമായി എന്തെങ്കിലും സംരക്ഷണം കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടില്ല.

IV റിപ്പോർട്ടു സമർപ്പണം

കാര്യോപദേശകസമിതിയുടെ 16-ാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ 16-ാമതു റിപ്പോർട്ട് ഞാൻ അവതരിപ്പിക്കുന്നു.

V റിപ്പോർട്ടു പരിഗണന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശകസമിതിയുടെ 16-ാമതു റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ഞാനതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

VI നിയമനിർമ്മാണ കാര്യം

1984-ലെ കേരള കശുവണ്ടിഫാക്ടറികളും (വിലയ്ക്കെടുക്കൽ) ഭേഗതി ബില്ലിന്റെ അവതരണവും ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയവും

Minister for Industries (**Shri E. Ahammed**): Sir, I introduce the Kerala Cashew Factories (Acquisition) Amendment Bill, 1984.

Mr. Speaker: The Bill stands introduced.

Minister for Industries (**Shri. E. Ahammed**): Sir, I move that the Kerala Cashew Factories (Acquisition) Amendment Bill, 1984 be referred to subject Committee IV—Industry and Minerals.

Minister for Irrigation (**Shri M. P. Gangadharan**): Sir, I second it.

ശ്രീ. ഇ. അഹമ്മദ്: സർ, കേരള കശുവണ്ടി ഫാക്ടറികളും (വിലയ്ക്കെടുക്കൽ) ആക്ട് 1974-ലാണ് ഈ നിയമസഭ പാസ്സാക്കിയത്. ഈ ആക്ടിലെ 3-ാം വകുപ്പനുസരിച്ച് ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള ഫാക്ടറികളുടെ നടത്തിപ്പ് തുടർന്നു ഗവൺമെന്റിൽ നിക്ഷിപ്തമാക്കുകയോ അല്ലെങ്കിൽ കാഷ്യൂകോർപ്പറേഷനിൽ നിക്ഷി

LIBRARY ARCHIVES Kerala Legislative Assembly

പ്തമാക്കുകയോ ആണ് ചെയ്യുന്നത്. ഈ ആക്ട് 1974-ലാണ് നടപ്പിൽ വന്നതെങ്കിലും 1979-ൽ കേരള കാഷ്യൂ ഫാക്ടറീസ് (റെഗുലേഷൻ) ആക്ട് നടപ്പിൽ വന്നതുകാരണം 1974-ലെ ആക്ടനുസരിച്ച് യാതൊരു നടപടിയും എടുത്തില്ല. ഇപ്പോൾ കാഷ്യൂഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ഫാക്ടറികളെല്ലാം ഒന്നുകിൽ പാട്ടത്തിനെടുത്തതോ 1979-ലെ റെഗുലേഷൻ ആക്ട് പ്രകാരം നിലവിൽ വന്നതോ ആണ്. എന്നാൽ 1982—1983 വർഷത്തിൽ അറുപത്തിയഞ്ചോളം കാഷ്യൂ ഫാക്ടറികളും പൂട്ടിയിടുകയുണ്ടായി. ഈ ഫാക്ടറികളും 1984-ലെ സീസണിലും അടഞ്ഞുകിടന്നു. തുടർച്ചയായി രണ്ടുമൂന്നു വർഷം ഫാക്ടറികളിലെ തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെട്ട സാഹചര്യത്തിൽ ഗവൺമെന്റ്, ഈ ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കണമെന്ന് ഉടമകളോട് ആവശ്യപ്പെട്ടു. ഒരു നിശ്ചിത തീയതിക്കകം ഏറെറടുക്കാമെന്ന് പലരും രേഖാമൂലം ഉറപ്പ് തന്നെങ്കിലും വളരെയധികം ഫാക്ടറികളും തുറക്കാതെ കിടന്നു. കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ 34 ഫാക്ടറികളുള്ളതുകൊണ്ട് കൂടുതൽ ഫാക്ടറികളും ഏല്പിച്ചുകൊടുത്താൽ ഭരണപരമായും സാമ്പത്തികമായും കോർപ്പറേഷന് ബുദ്ധിമുട്ടുണ്ടാകുമായിരുന്നു. അതുകൊണ്ട് പൂട്ടിക്കിടന്നിരുന്ന ഫാക്ടറികളും തൊഴിലാളികളുടെ സഹകരണ സംഘങ്ങളുണ്ടാക്കി അവർക്കോ അല്ലെങ്കിൽ സഹകരണ മാർക്കറ്റിങ്ങ് ഫെഡറേഷനോ മറ്റ് ഏതെങ്കിലും സ്ഥാപനങ്ങൾക്കോ ഏല്പിച്ചുകൊടുക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചു. ഈ തീരുമാനം നടപ്പിൽവരുത്തുന്നതിനുവേണ്ടി ഇന്നു നിലവിലുള്ള അക്വിസിഷൻ ആക്ട് ഭേദഗതി ചെയ്യണം. അതിനെത്തുടർന്നാണ് ഈ ഭേദഗതി. ഈ ഭേദഗതിയുടെ ഫലമായിട്ട് 9 ഫാക്ടറികളും ഗവൺമെന്റ് ഏറെറടുക്കുകയും കാഷ്യൂ സഹകരണ അപ്പെക്സ് സൊസൈറ്റി ഉണ്ടാക്കിയും പ്രാഥമിക സഹകരണ സംഘം ഉണ്ടാക്കിയും അവരെ ഭരമേല്പിക്കുകയുമാണ് ചെയ്തത്. ഈ ഭേദഗതിനിയമത്തിലെ ഏതാനും ചില ഭേദഗതികളെപ്പറ്റി മാത്രമേ ഞാൻ പരാമർശിക്കുന്നുള്ളു. ക്ലാസ് 2 പ്രകാരം രണ്ടാം വകുപ്പിനുള്ള നിർവ്വചനത്തിന് സ്പേറേറ്റർ കോ-ഓപ്പറേറീവ് മാർക്കറ്റിങ്ങ് ഫെഡറേഷൻ വർക്കേഴ്സ് കോ-ഓപ്പറേറീവ് സൊസൈറ്റി എന്നിവയെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ക്ലാസ് 3 പ്രകാരം 8-ാം വകുപ്പിൽ ഒരു ഭേദഗതി വരുത്തിയിട്ടുണ്ട്. മൂലനിയമത്തിലെ 8-ാം വകുപ്പുപ്രകാരം ഇപ്പോൾ ഒരു ഫാക്ടറി ഗവൺമെന്റിൽ വെസ്റ്റ് ചെയ്തുകഴിഞ്ഞാൽ അത് കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ ആണ് നിക്ഷിപ്തമാകുന്നത്. കോർപ്പറേഷനിൽ മാത്രം വെസ്റ്റ് ചെയ്യുന്നതിനുപകരം ഫെഡറേഷനിലോ കോ-ഓപ്പറേറീവ് സൊസൈറ്റിയിലോ ഗവൺമെന്റ് ഉദ്ദേശിക്കുന്ന മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ വെസ്റ്റ് ചെയ്യാൻ അധികാരം കൊടുക്കുന്നതാണ് ഈ ഭേദഗതി. ക്ലാസ് 4 പ്രകാരമുള്ള ഭേദഗതി, 10-ാം വകുപ്പിനുശേഷം ഒരു പുതിയ വകുപ്പ് കൂട്ടിച്ചേർക്കുന്നതാണ്. ഇന്ന് കെ. സി. ഡി. സി. യിലോ ഫെഡറേഷനിലോ കോ-ഓപ്പറേറീവ് സൊസൈറ്റിയിലോ നിക്ഷിപ്തമാക്കുമ്പോൾ ജീവനക്കാർക്ക് ഉണ്ടാകുന്ന ആനുകൂല്യങ്ങൾക്ക് കണ്ടിന്യൂവിറ്റി കിട്ടാൻ വേണ്ടിയാണ് ഈ വകുപ്പ്. അതുപോലെതന്നെ ഇതിൽ ചില ഉപവകുപ്പുകളിലും അതിന് അനുയോജ്യമായി സബ്സിക്വൻറ് അമെൻറ്മെൻറ് വരുത്തിയിരിക്കുകയാണ്. ക്ലാസ് 5 ൽ 11-മത്തെ വകുപ്പിന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് പുതിയ ഒരു സ്ഥാപനത്തിന് ഏല്പിച്ചുകൊടുക്കുമ്പോൾ നിലവിലുള്ള ഫാക്ടറികളിലെ തൊഴിലാളികൾക്ക് പ്രോവിഡൻറു ഫണ്ടിനെ സംബന്ധിച്ചോ മറ്റ് ആനുകൂല്യങ്ങളെസംബന്ധിച്ചോ വിഷമം ഉണ്ടാകാതിരിക്കാനാണ്. ക്ലാസ് 6-ൽ 12-ാം വകുപ്പിന്റെ ഭേദഗതി സൂപ്പറാനു

LIBRARY ARCHIVES Kerala Legislative Assembly

വേഷൻ വെൽഫയർ ആൻറ് അദർ ഫണ്ട് സിനെസംബന്ധിച്ച് ഫെഡറേഷൻ, കോ-ഓപ്പറേറീവ് സൊസൈറ്റി, മറ്റ് സ്ഥാപനങ്ങൾ എന്നിവയെ കൂടി ഉൾപ്പെടുത്തുന്നതിനാണ്, ക്ലാസ് 7, 15-ാം വകുപ്പിന്റെ ഭേദഗതിയായിട്ടാണ് ഉൾക്കൊള്ളിക്കുന്നത്; ഈ നിയമമനുസരിച്ചു വല്ല നടപടിയും എടുത്തിട്ടുണ്ടെങ്കിൽ അതിന് സംരക്ഷണം നൽകുന്ന ഭേദഗതിയാണ്. ഇപ്രകാരമുള്ള ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയും ആതുപ്രകാരം ഒൻപത് ഫാക്ടറികൾ എടുത്ത് കാപ്പെക്സ് എന്ന പേരിൽ ഒരു സ്ഥാപനം ഉണ്ടാക്കുകയും ചെയ്തു. സഹകരണമേഖലയിൽ കൂടുതൽ ഫാക്ടറികൾ എടുത്ത് തൊഴിലാളികളെ സഹായിക്കാനും അവർക്കുകൂടി പങ്കാളിത്തമുള്ള കശുവണ്ടി സഹകരണഫാക്ടറികൾ ആരംഭിക്കാനും ഉദ്ദേശിച്ചാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. 1974-ൽ പാസ്സാക്കിയ മൂലനിയമം പുതിയ ഓർഡിനൻസു വന്നതിനുശേഷം മാത്രമാണ് നടപ്പാക്കിക്കൊണ്ട് ഒൻപത് ഫാക്ടറികൾ ഗവൺമെൻറ് ഏറെടുത്തിട്ടുള്ളത്. ഇതുസംബന്ധിച്ച് വല്ല വിശദീകരണവും ആവശ്യമുണ്ടെങ്കിൽ ഞാൻ മറുപടി പ്രസംഗത്തിൽ പറയാം. ഇന്നലെ ഇതേപ്പറ്റി ചർച്ച ചെയ്തതാണ്. ആവർത്തനം ഒഴിവാക്കി കഴിയുന്ത്ര വേഗത്തിൽ എല്ലാവരും ചർച്ചചെയ്ത് സബ്ജക്ട് കമ്മിറ്റിയ്ക്ക് റഫർ ചെയ്യാൻ സഹായിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (ക) ഉപ ഖണ്ഡമനുസരിച്ചുള്ള പ്രമേയം

മി. സ്പീക്കർ: ശ്രീ. ആർ. എസ്. ഉണ്ണി നോട്ടീസ് നൽകിയിട്ടുള്ള, ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (ക) ഉപ ഖണ്ഡമനുസരിച്ചുള്ള, '1985-ലെ 69-ാം ഓർഡിനൻസ്—കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ഓർഡിനൻസ് നിരാകരിക്കണം' എന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്. ഇത്തരത്തിലുള്ള പ്രമേയം ചർച്ചചെയ്യാൻ സഭയ്ക്ക് കിട്ടുന്ന ആദ്യത്തെ അവസരമാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഇത് നല്ലൊരു കീഴ്വഴക്കമാണ്.

മി. സ്പീക്കർ: ചെയറിന് ഒരു 'സബ്മിഷൻ' ഉണ്ട്. ഇന്നലെ ഇതിനു സമാനമായ കശുവണ്ടിയെസംബന്ധിച്ച് ബിൽ ചർച്ചയ്ക്കെടുത്തു. 51 ആളുകളോളം സംസാരിക്കാനുണ്ടായിരുന്നിട്ട് കേവലം വളരെക്കുറച്ച്, പത്തോ പതിനൊന്നോ, ആളുകൾക്കാണ് സംസാരിക്കാൻ അവസരം കിട്ടിയത്. ഇന്നലെ സംസാരിക്കാൻ അവസരംകിട്ടിയ ബഹുമാനപ്പെട്ട മെമ്പർമാർ കഴിയുന്നതും അവരുടെ സംസാരം ചുരുക്കുകയോ സംസാരം ഒഴിവാക്കുകയോ ചെയ്യുന്നത് നല്ലതാണ്. അങ്ങനെ വരുന്നപക്ഷം കൂടുതൽ ആളുകൾക്ക് അവസരംകിട്ടും. ഈ പ്രശ്നം ബഹുമാനപ്പെട്ട അംഗങ്ങളുടെ മഹാമനസ്കതയ്ക്കു വിട്ടുതരികയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

"This House resolves to disapprove the Kerala Cashew Factories (Acquisition) Amendment Ordinance, 1985 (Ordinance No. 69 of 1985)."

LIBRARY ARCHIVES Kerala Legislative Assembly